ഉത്തരം

(എ), (ബി) ഗവൺമെന്റ് കോളേജുകളും രണ്ടെണ്ണം (തിരുവനന്തപുരം, തൃപ്പൂണിത്തുറ). സ്വകാര്യ കോളേജുകളും മൂന്നെണ്ണം (ഒല്ലൂർ, ഷൊർണ്ണൂർ, കോട്ടക്കൽ).

(സി) തിരുവനന്തപുരം ആയുർവേദാശുപത്രിയിൽ 240 രോഗികളേയും തൃപ്പൂണിത്തുറയിൽ 40 രോഗികളേയും കിടത്തി ചികിൽസിക്കാൻ സൗകര്യമുണ്ട്.

(ഡി) എല്ലാ ആശുപത്രികളിലും പഞ്ചകർമ്മ ചികിൽസാ സൗകര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങളും ലഭിക്കുന്നുണ്ട്.

(ഇ) ധനലഭ്യതയനുസരിച്ച് ഇത്തരം പരിപാടികളും പടിപടിയായി ഏറ്റെടുക്കാൻ ഉദ്ദേശമുണ്ട്.

വർക്ക് സൂപ്രണ്ടുമാരുടെ ഒഴിവിലേക്ക് നിയമനം

1347 [2170] ശ്രീ. എം. പി. രാഘവൻ:
ശ്രീ. എൻ. വാസുദേവൻ പിള്ള:
ശ്രീ. പി. കരുണാകരൻ:
ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളാ ലാൻഡ് ഡെവലപ്പുമെന്റ് കോർപ്പറേഷനിൽ വർക്ക് സൂപ്രണ്ടുമാരുടെ ഒഴിവിലേക്ക് 1978-ൽ പി. എസ്. സി. സെലക്ട് ചെയ്ത ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേരെ നിയമിച്ചു;

(ബി) ഇപ്പോൾ പ്രസ്തുത പോസ്റ്റുകളിൽ ഒഴിവുകളും നിലവിലുണ്ടോ; എങ്കിൽ എത്ര;

(സി) പി. എസ്. സി. യുടെ സെലക്ഷൻ ലിസ്റ്റ് നിലവിലിരിക്കെ വർക്കുസൂപ്രണ്ടുമാരുടെ ഒഴിവിലേക്ക് ലിസ്റ്റിൽപ്പെടാത്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രപേരെ; അവർ ആരെല്ലാം;

(ഇ) പി. എസ്. സി. ലിസ്റ്റ് നിലവിലിരിക്കെ അപ്രകാരം നിയമനം നടത്താൻ കാരണമെന്ത്;

(എഫ്) ഒഴിവുള്ള സ്ഥാനങ്ങളിൽ പി. എസ്. സി. യുടെ ലിസ്റ്റിൽപ്പെട്ടവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) 10 ഒഴിവുകളും ഉണ്ട്.

(സി) ഇല്ല.

(ഡി), (ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly